അധിക തസ്തികകളിലേക്ക് നിയമനം ലഭിച്ച അദ്ധ്യാപകർ

21 (1075) ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ശ്രീ. റോഷി അഗസ്റ്റിൻ :
ഡോ. എൻ. ജയരാജ് :
ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ഉത്തരവ് (പി) 199/2011/പൊ.വി. തീയതി 1-10-2011 പ്രകാരം 2010-11-ലെ തസ്തിക നിർണ്ണയ ഉത്തരവ് 2011-12-ലേക്ക് നിലനിർത്തിയതിനാൽ 2011-12-ൽ ലഭിക്കുമായിരുന്ന അധിക തസ്തികകളിലേക്ക് നിയമനം ലഭിച്ച അദ്ധ്യാപകർ എത്രയെന്ന് വ്യക്തമാക്കുമോ ;

(ബി) ഇപ്രകാരം നിയമനം ലഭിച്ച അധ്യാപകരിൽ മേൽ ഉത്തരവ് ഖണ്ഡിക 6(B)V-ൽ പറയുന്ന പ്രകാരം എത്രപേർക്ക് ദിവസവേതനം നൽകുന്നുണ്ട് ; വ്യക്തമാക്കുമോ ;

(സി) ഇപ്രകാരം നിയമനം ലഭിച്ച അദ്ധ്യാപകരുടെ നിയമനം 2013-14-ൽ റഗുലറൈസ് ചെയ്യുന്നതാണെന്ന് ഉത്തരവിലൂടെ വ്യക്തമാക്കിയിരുന്നുവോ ;

(ഡി) മേൽ വിഷയം സംബന്ധിച്ച 4-7-14-ലെ ഉത്തരവ് (പി)124/2014/പൊ.വി.ൽ പരാമർശിച്ചിട്ടില്ലാത്തതിനാൽ ഇതിനായി പ്രത്യേക ഉത്തരവ് ഇറക്കുന്ന കാര്യം പരിഗണനയിലുണ്ടോ ?

ഉത്തരം

(എ-ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) നിയമനാംഗീകാരം പരിഗണിക്കും എന്ന് വ്യക്തമാക്കിയിരുന്നു.

(ഡി) പരിഗണനയിലുണ്ട്.

പ്ലസ് വൺ ബാച്ചുകൾ

22 (1076) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ മേഖലകളിലായി പ്രവർത്തിച്ചു വരുന്ന പ്ലസ് വൺ ബാച്ചുകളിൽ 2014-15 അക്കാദമിക് വർഷത്തിൽ അനാദായകരമായിട്ടുള്ളവ എത്രയാണ് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഒറ്റ വിദ്യാർത്ഥി പോലും പ്രവേശനം നേടിയിട്ടില്ലാത്ത എത്ര ബാച്ചുകൾ ഉണ്ട്, മൊത്തം ഒഴിഞ്ഞു കിടക്കുന്ന പ്ലസ് വൺ സീറ്റുകൾ എത്ര ;

(സി) 2014-15 വർഷത്തിൽ അനുവദിക്കപ്പെട്ട പ്ലസ് വൺ ബാച്ചുകൾ എത്രയായിരുന്നു ; ഇതിൽ അനാദായകരമായി റിപ്പോർട്ട് ചെയ്യപ്പെട്ടവ എത്ര ; എത്ര കുട്ടികളിൽ കുറഞ്ഞ ബാച്ചുകളെയാണ് അനാദായകരമായി കരുതുന്നതെന്ന് വ്യക്തമാക്കാമോ ;

(ഡി) 40 കുട്ടികൾ എങ്കിലും ഇല്ലാത്ത ഏതെങ്കിലും പുതിയ ബാച്ചുകൾക്ക് പ്രവർത്തനാനുമതി നൽകിയിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാം സ്ഥാപനങ്ങൾക്ക് ?

ഉത്തരം

(എ) വിവിധ മേഖലകളിലായി പ്രവർത്തിച്ചുവരുന്ന പ്ലസ് വൺ ബാച്ചുകളിൽ 2014-15 അക്കാദമിക് വർഷത്തെ അനാദായകരമായവ കണ്ടെത്തിയിട്ടില്ല.

(ബി) ഒറ്റ വിദ്യാർത്ഥിപോലും പ്രവേശനം നേടിയിട്ടില്ലാത്ത ഏഴ് ബാച്ചുകളുണ്ട്. ഒഴിഞ്ഞുകിടക്കുന്ന പ്ലസ് വൺ ബാച്ചുകൾ 31652.

(സി) സർക്കാർ/എയ്ഡഡ് മേഖലയിൽ 2014-15 അദ്ധ്യയന വർഷത്തേക്ക് ആകെ അനുവദിച്ച ഹയർ സെക്കണ്ടറി ബാച്ചുകളുടെ എണ്ണം 421. അതിൽ 24-11-2014-ലെ സ.ഉ.(കൈ)നമ്പർ 247/14/പൊ.വി. പ്രകാരം 417 ഹയർ സെക്കണ്ടറി ബാച്ചുകൾ 2014-15 അദ്ധ്യയന വർഷത്തേക്ക് അനുവദിച്ചിട്ടുണ്ട്. അതിൽ നാൽപത് കുട്ടികൾ മിനിമം ഉണ്ടായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഹയർ സെക്കണ്ടറി മേഖലയിൽ " അനാദായകരമായ ബാച്ചുകൾ" എന്നത് നിർവ്വചിക്കപ്പെട്ടിട്ടില്ല.

(ഡി) 2014-15 അദ്ധ്യയന വർഷത്തിൽ പുതുതായി അനുവദിച്ച സ്കൂളുകളിൽ ഒരു ബാച്ച് പ്രവർത്തിക്കുന്നതിന് കുറഞ്ഞത് നാൽപത് കുട്ടികൾ ആവശ്യമുണ്ടെന്ന് നിഷ്കർഷിക്കുന്നു. അപ്രകാരം നാൽപത് കുട്ടികൾ പ്രവേശനം നേടിയിട്ടില്ലാത്ത അഞ്ച് സ്കൂളുകളുള്ളതായി പ്രാഥമിക പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. കൃത്യമായ എണ്ണം എത്രയെന്നത് പ്രസ്തുത സ്കൂളുകൾ പരിശോധിക്കുവാൻ ചുമതലപ്പെടുത്തിയിട്ടുള്ള സമിതിയുടെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് മാത്രമേ ലഭ്യമാകുകയുള്ളൂ. ആയതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

പുതിയ ഹയർ സെക്കൻഡറി ബാച്ചും കോഴ്സുകളും

23 (1077) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇക്കൊല്ലം പുതിയതായി എത്ര വിദ്യാലയങ്ങൾക്കാണ് ഹയർ സെക്കണ്ടറി അനുവദിച്ചിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly